ഉത്തരം

(എ&ബി) ബന്ധപ്പെട്ട സ്പോർട്ട്സ് അസോസിയേഷനുകളാണ് ടീമംഗങ്ങളെയും കോച്ചുകളെയും മാനേജർമാരെയും നിശ്ചയിക്കുന്നത്. പ്രസ്തുത അസോസിയേഷനുകൾ ലഭ്യമാക്കിയ ലിസ്റ്റ് അനുബന്ധം 1-ആയി ചേർത്തിരിക്കുന്നു.*

(സി) പരിശീലന ക്യാമ്പുകൾ ആരംഭിച്ചിട്ടുണ്ട്. വിശദവിവരം അനുബന്ധം 2-ആയി ചേർത്തിരിക്കുന്നു.*

(ഡി) അതാത് അസോസിയേഷനുകൾ മുഖേനയാണ് യാത്രയ്ക്കുള്ള ക്രമീകരണങ്ങൾ ചെയ്തിട്ടുള്ളത്. ഇതിനാവശ്യമായ ധനസഹായം സംസ്ഥാന സ്പോർട്സ് കൗൺസിൽ നൽകിയിട്ടുണ്ട്.

(ഇ) ആവശ്യമാണെന്നുകാണുന്ന പക്ഷം നടപടി സ്വീകരിക്കുന്നതാണ്.

(എഫ്) ബന്ധപ്പെട്ട അസോസിയേഷനുകൾമുഖേനയാണ് യാത്രയ്ക്കുള്ള ക്രമീകരണങ്ങൾ ചെയ്തിട്ടുള്ളത്. ഇതിനുള്ള നിർദ്ദേശം അസോസിയേഷനുകൾക്ക് നൽകുകയും ആവശ്യമായ ധനസഹായം അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

കൊച്ചി മെട്രോ റെയിൽ പദ്ധതി

236 (686) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതിവിവരം ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിക്ക് അനുമതി ലഭ്യമായോ ;

(സി) ഈ ഗവൺമെന്റിന്റെ കാലത്തെ, പ്രസ്തുത പദ്ധതിയുടെ പ്രവൃത്തി നടത്തിപ്പ് സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ-സി) കൊച്ചി മെട്രോ റെയിൽ പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടില്ല. എന്നാൽതന്നെയും പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങളുമായി സംസ്ഥാന സർക്കാർ മുന്നോട്ടുപോകുകയാണ്. പ്രാരംഭ ചെലവുകൾക്കായി 158.68 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ഇതിനോടകം 30 കോടി രൂപ സംസ്ഥാന സർക്കാർ അനുവദിച്ചുകഴിഞ്ഞു. ഡി.എം.ആർ.സി.-യുടെ മേൽനോട്ടത്തിൽ പ്രസ്തുത പ്രാരംഭ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ സ്ഥലമെടുപ്പ് നടപടികൾക്കായുള്ള പ്രവർത്തനങ്ങളും പുരോഗമിച്ചുവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly